**പ്രസിദ്ധീകരണത്തിന്**

## ഭിന്നശേഷിക്കാരുടെ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്ത് അഞ്ചോ അതിൽ കൂടുതലോ ഭിന്നശേഷിക്കാരുൾപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ പ്രോജക്ടുകൾ തെരെഞ്ഞെടുത്ത് ആരംഭിക്കുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ **20,000/-** രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു. ആയതിനുള്ള അപേക്ഷകൾ hpwcshg@gmail.com എന്ന ഇ-മെയിലിലൂടെ single PDF Fomat-ൽ Scan ചെയ്ത് 15/09/2021 നുള്ളിൽ സമർപ്പിക്കണം. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുള്ള സംഘങ്ങൾ അപേക്ഷിക്കേണ്ടതില്ല. അപേക്ഷഫോറവും വിശദവിവരങ്ങളും www.hpwc.kerala.gov.in എന്ന് വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 0471-2347768, 0471-2347152, 0471-2347153, 0471-2347156

(ഒപ്പ്)

മാനേജിംഗ്ഡയറക്ടർ

## ഭിന്നശേഷിക്കാരുടെസ്വയംസഹായസംഘങ്ങളുടെപരിപോഷണത്തിന്ധനസഹായം

## അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അഞ്ചോ അതിൽ കൂടുതലോ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന രജിസ്റ്റേർഡ് സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് ആരംഭിക്കുന്നതിന് കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 20,000/-രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു. അപേക്ഷഫോറവും വിശദവിവരങ്ങളും www.hpwc.kerala.gov.in, എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ hpwcshg@gmail.com എന്ന ഇ-മെയിലിലൂടെ നിർദ്ദിഷ്ട രേഖകൾ Single PDF Format-ൽ Scan ചെയ്ത് 15/09/2021 നുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**മാനദണ്ഡങ്ങൾ**

1. രജിസ്റ്റർ ചെയത് പ്രവർത്തിക്കുന്ന സംഘങ്ങൾ ആയിരിക്കണം (LSGD/കുടുംബശ്രീ)
2. ഭിന്നശേഷി അംഗങ്ങൾ 40%മോ അതിനു മുകളിലോ ഭിന്നശേഷിത്വം ഉള്ളവരായിരിക്കണം (സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷി അംഗങ്ങൾ ഉണ്ടായിരിക്കണം).
3. ഭിന്നശേഷിക്കാരായ അംഗങ്ങൾ 18 വയസ്സ് കഴിഞ്ഞവരായിരിക്കണം, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന, 14 വയസ്സ് കഴിഞ്ഞ കുട്ടികളുടെ നിയമാനുസൃതമുള്ള രക്ഷിതാവിന് സംഘത്തിൽ അംഗമാണെങ്കിലും അപേക്ഷിക്കാം.
4. എല്ലാ ഭിന്നശേഷി അംഗങ്ങളുടെയും ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
5. അപേക്ഷഫോറത്തിലെ വിവരങ്ങൾ വ്യക്തമായും പൂർണമായും രേഖപ്പെടുത്തണം.
6. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
7. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- ഭിന്നശേഷിക്കാരായ അംഗങ്ങളുടെ 40%മോ അതിനു മുകളിലോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്
- എല്ലാ ഭിന്നശേഷി അംഗങ്ങളുടേയും ആധാർകാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- പ്രസിഡന്റും, സെക്രട്ടറിയും ഒപ്പിട്ട പ്രവർത്തന റിപ്പോർട്ട്.
- .സംഘത്തിന്റെ ഗ്രൂപ്പ് ഫോട്ടോ.
- തദ്ദേശസ്ഥാപനങ്ങൾ ഗ്രേഡിംഗ് നടത്തിയിട്ടുങ്കിൽ ആയതിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- സംഘത്തിന്റെ IFS Code ഉൾപ്പെടെയുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)

കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0471-2347768, 0471-2347152, 0471-2347153, 0471-2347156.

(ഒപ്പ്)

മാനേജിംഗ്ഡയറക്ടർ

# കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ,

**ഹെഡ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം-12,**

**(ഫോൺ, 0471-2347768, 7152, 7153, 7156)**

Website: www.hpwc.kerala.gov.in, email:hpwcshg@gmail.com

**Regional Office:**
കോസ്റ്റ്ഗാർഡിന് എതിർവശം,
ഫോർട്ട്കൊച്ചി, എറണാകുളം - 682 001,
ഫോൺ: 9400141669

**Regional Office:**
സിവിൽ സ്റ്റേഷൻ,
കോഴിക്കോട്-673020
ഫോൺ:0495-2370463


---

## ഭിന്നശേഷിക്കാരുടെ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷാഫോറം

(പൂർണ്ണമായവിവരങ്ങളും, രേഖകളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്
അല്ലാത്തവ നിരസിക്കുന്നതാണ്.)

| | | |
|---|---|---|
| 1 | സ്വയം സഹായസംഘത്തിന്റെ പേര് | |
| 2 | ഔദ്യോഗിക മേൽവിലാസം (പിൻകോഡ് ഉൾപ്പടെ) | |
| | ഇമെയിൽ & ഫോൺ /മൊബൈൽ നമ്പർ | |
| | ജില്ല | അസംബ്ലി/മണ്ഡലം |
| 3 | രജിസ്ട്രേഷൻ നമ്പറും, തീയതിയും (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം.) | |
| 4 | പ്രവർത്തനം തുടങ്ങിയ തീയതി, വർഷം | |
| 5 | സെക്രട്ടറി &,പ്രസിഡന്റിന്റെ പേര്, ഫോൺ നമ്പർ | |
| 6 | ആകെ അംഗങ്ങളുടെ എണ്ണം ; ഭിന്നശേഷിക്കാരായ അംഗങ്ങളുടെ എണ്ണം | |
| 7 | സ്വയം സഹായ സംഘത്തിന്റെ ഗ്രേഡിംഗ് കഴിഞ്ഞിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം | |
| 8 | നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ/സംരംഭങ്ങളുടെ വിശദവിവരണം (കോപ്പി ഉള്ളടക്കം ചെയ്യുക) | |
| 9 | കോർപ്പറേഷന്റെ ധനസഹായം ലഭിച്ചാൽ തുടങ്ങാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ വിശദാംശം (കോപ്പി ഉൾപ്പെടുത്തണം) | |
| 10 | ബാങ്ക്/മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ | |

| | | |
|---|---|---|
| 11 | കോർപ്പറേഷനിൽ നിന്നും ഇതിന് മുമ്പ് സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം. | |
| 12 | മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ധനസഹായങ്ങളുടെ വിവരം (വർഷം സഹിതം) | |
| 13 | ബാങ്കിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ IFS Code ഉൾപ്പെടെ | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞങ്ങളുടെ ഉത്തമ വിശ്വാസത്തിലും അറിവിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ പ്രസ്താവന ചെയ്തുകൊള്ളുന്നു.

| | | | |
|---|---|---|---|
| സ്ഥലം:<br>തീയതി: | (ഓഫീസ് മുദ്ര ) | സെക്രട്ടറിയുടെ പേരും, ഒപ്പും | പ്രസിഡന്റിന്റെ പേരും, ഒപ്പും |

**അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ട രേഖകൾ (പകർപ്പുകളെല്ലാം സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം)**

1. ഭിന്നശേഷിക്കാരായ അംഗങ്ങളുടെ 40%മോ അതിനു മുകളിലോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2. എല്ലാ അംഗങ്ങളുടേയും ആധാർ കാർഡിന്റെ പകർപ്പ്.
3. സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
4. പ്രസിഡന്റും, സെക്രട്ടറിയും ഒപ്പിട്ട പ്രവർത്തന റിപ്പോർട്ട്.
5. സംഘത്തിന്റെ അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് ഫോട്ടോ.
6. തദ്ദേശ സ്ഥാപനത്തിൽ നിന്നും ഗ്രേഡിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം
7. സംഘത്തിന്റെ IFS Code ഉൾപ്പെടെയുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (അക്കൗണ്ട് പ്രവർത്തനക്ഷമമായിരിക്കണം).
8. തുടങ്ങാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ സംക്ഷിപ്ത റിപ്പോർട്ട്

**കുറിപ്പ്:** വ്യക്തിപരമായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**അപേക്ഷാ ഫോറം തികച്ചും സൗജന്യം**